**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4014** **09-08-2021 - ൽ മറുപടിയ്ക്ക്**

**പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡുകളെക്കുറിച്ചുള്ള പരാതികൾ ഓൺലൈനായി അറിയിക്കുന്നതിനുള്ള പി.ഡബ്ല്യു.ഡി. ഫോർ യു ആപ്ലിക്കേഷൻ വികസിപ്പിച്ചത് ഏത് സ്ഥാപനമാണെന്നും പ്രസ്തുത ആപ്ലിക്കേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിൽ പി.ഡബ്ല്യു.ഡി ഫോർ യു ആപ്ലിക്കേഷൻ TRL Professional & Software Services (India) LLP in JV with Experion Technologies (India)Pvt Ltd എന്ന സ്ഥാപനമാണ് വികസിപ്പിച്ചത്. പി.ഡബ്ല്യു.ഡി ഫോർ യു ആപ്ലിക്കേഷനിൽ ലഭിക്കുന്ന പരാതികൾ കെ.എസ്.ടി.പിയുടെ പി.ഐ സെൽ(പബ്ലിക് ഇൻഫർമേഷൻ സെൽ)-ൽ നിന്നും നിരത്തുവിഭാഗം സബ് ഡിവിഷൻ, നിരത്ത് പരിപാലന വിഭാഗം ഡിവിഷൻ ഓഫീസുകളിലേക്ക് കൈമാറുന്നു. തുടർന്ന് നിരത്തുവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പരാതി പരിഹരിച്ച്, നിരത്തുപരിപാലന വിഭാഗത്തിന് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരത്ത് പരിപാലന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പി.ഡബ്ല്യു.ഡി ഫോർ യു ആപ്ലിക്കേഷനിൽ പരാതിക്കാരന് മറുപടി നൽകുകയും പരാതി ക്ലോസ് ചെയ്യുകയും ചെയ്യുന്നു. |
| (ബി) | ടെൻഡർ നടപടികൾ പൂർത്തീകരിച്ചാണോ ഈ പ്രവൃത്തി നൽകിയത്; പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് ആപ്ലിക്കേഷനേക്കാൾ പ്രസ്തുത ആപ്ലിക്കേഷനുള്ള മേന്മ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; വിശദാംശം നൽകുമോ; | (ബി) | ലോക ബാങ്ക് വ്യവസ്ഥകൾക്ക് വിധേയമായി അന്താരാഷ്ട്ര ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ് ഈ സംരംഭങ്ങളെ സെലക്ട് ചെയ്തത്. പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് ആപ്ലിക്കേഷനേക്കാൾ പ്രസ്തുത ആപ്ലിക്കേഷനുള്ള മേന്മകൾ ചുവടെ ചേർക്കുന്നു. 1. പി.ഡബ്ല്യു.ഡി ഫോർ യു ആപ്പ് പൊതുമരാമത്ത് വകുപ്പിന്റെ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമാണ്. ഇതിന്റെ രൂപകൽപ്പന, നടപ്പാക്കൽ, പരിപാലനം എന്നിവയ്ക്കായി 8 വർഷത്തേക്ക് വ്യക്തമായ കരാർ വ്യവസ്ഥകൾ നിലവിലുണ്ട്. 2. പി.ഡബ്ല്യു.ഡി ഫോർ യു ആപ്പ് രൂപകൽപ്പന ചെയ്തു നടപ്പാക്കുന്നത് ലണ്ടൻ ആസ്ഥാനമായ ലോകപ്രസിദ്ധ ട്രാൻസ്പോർട്ട് |

| | | | |
|---|---|---|---|
| | | | ലബോറട്ടറീസ് യു.കെ എന്ന സ്ഥാപനമാണ്. റോഡ് ആസ്തികളുടെ പരിപാലനത്തിനാവശ്യമായ സോഫ്റ്റ് വെയർ സംവിധാനങ്ങൾ ഒരുക്കുന്നതിൽ ഇവർ മുൻനിരയിലുള്ളവരാണ്. 3. പി.ഡബ്ല്യു.ഡി ഫോർ യു ആപ്പ് വഴി സമർപ്പിക്കുന്ന പരാതികളുടെ തൽസ്ഥിതി ആപ്പിലൂടെ തന്നെ പരാതിക്കാരന് അറിയുന്നതിന് സാധിക്കും. |
| (സി) | പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് ആപ്ലിക്കേഷൻ പ്രവർത്തനക്ഷമമല്ലാതെയാകാനുള്ള കാരണം വെളിപ്പെടുത്തുമോ? | (സി) | പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് ആപ്പിലെ സാങ്കേതിക പ്രശ്നങ്ങൾ കാരണം പരാതി സമർപ്പിക്കുന്നത് പലപ്പോഴും സാധ്യമല്ലാതായി. ആപ്പുവഴി കിട്ടുന്ന പരാതികൾ മോണിറ്റർ ചെയ്തു അവ വേണ്ട രീതിയിൽ കൈകാര്യം ചെയ്യാനുള്ള ഓൺലൈൻ പോർട്ടൽ സൗകര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കായി ഒരുക്കിയിരുന്നില്ല. |

സെക്ഷൻ ഓഫീസർ